**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. HARITHA V KUMAR)

വിഷയം:- വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 10.02.2025 ലെ DWCD/5259/2024-E8 നം വിജ്ഞാപനം.

2. വനിത ശിശുവികസന ഡറക്ടറുടെ 06.03.2025 ലെ ഇതേ നം നടപടിക്രമങ്ങൾ

**ഉത്തരവ് നം. DWCD/1349/2025-E9 തീയതി: 06-04-2025**

വനിത ശിശുവികസന വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിനായുള്ള സെലക്ട് ലിസ്റ്റിന്റെ വിജ്ഞാപനം പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ലോവർ ഡി.പി.സി തയ്യാറാക്കി സർക്കാർ അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച പരാമർശം (1) സെലക്ട് ലിസ്റ്റിൽ ക്രമ നം 1 ആയി ഉൾപ്പെട്ടിട്ടുള്ള ഒരു ജീവനക്കാരിയ്ക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ട്. വനിത ശിശുവികസന ഡയറക്ടറേറ്റിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.അജിത്ത് കുമാർ.ബി.എൽ 31.03.2025ന് സേവനത്തിൽ നിന്നും വിരമിച്ചതിനെത്തുടർന്നും കൊല്ലം ജില്ല വനിത ശിശുവികസന ഓഫീസിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.രേഖ.എസ്സ് 01.04.2025 മുതൽ പെൻഷൻ പ്രാരംഭ അവധിയായി പരിവർത്തിതാവധിയിൽ പ്രവേശിച്ചതിനെത്തുടർന്നും പ്രസ്തുത തസ്തികയിൽ 2 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഒഴിവിലേയ്ക്ക് പരാമർശം (1) സെലക്ട് ലിസ്റ്റിൽ ക്രമ നം. 2, 3 ആയി ഉൾപ്പെട്ടിട്ടുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് അർഹരാണ്.

പ്രസ്തുത സാഹചര്യത്തിൽ പരാമർശം (1) സെലക്ട് ലിസ്റ്റിൽ ക്രമ നം. 2, 3 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് കെ.എസ് & എസ്.എസ്.ആർ ചട്ടം 28 (എ) പ്രകാരം 51400-110300 രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്ര നം | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1. | ശ്രീ. ജയ കുമാർ.ടി.എം, (പെൻ നം. 213822) ജൂനിയർ സൂപ്രണ്ട് ജില്ല വനിത ശിശുവികസന ഓഫീസ്, ഇടുക്കി | സീനിയർ സൂപ്രണ്ട്, ജില്ല വനിത ശിശുവികസന ഓഫീസ്, കൊല്ലം |
| 2. | ശ്രീ. പ്രദീപ്.പി, | സീനിയർ സൂപ്രണ്ട്, |

| | | |
|---|---|---|
| | (പെൻ നം. 211777)<br>ജൂനിയർ സൂപ്രണ്ട്<br>വനിതാ ശിശുവികസന ഡയറക്ടറേറ്റ്<br>തിരുവനന്തപുരം | വനിതാ ശിശുവികസന ഡയറക്ടറേറ്റ്<br>തിരുവനന്തപുരം |

വകുപ്പിലെ ജീവനക്കാരുടെ 2025-ലെ പൊതുസ്ഥലമാറ്റ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരെ നിയമിക്കുന്ന കാര്യാലയങ്ങൾ ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും പൊതുസ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയങ്ങളിലേയ്ക്ക് മേൽ ജീവനക്കാരെ മാറ്റി നിയമിക്കുന്നതുമാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും ബന്ധപ്പെട്ട ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. വിടുതൽ/പ്രവേശനം സംബന്ധിച്ച ആർ.ടി.സി-യുടെ പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

HARITHA V KUMAR
വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
(കാര്യാലയ മേധാവി മുഖേന)

<u>പകർപ്പ് :</u>

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3. ബന്ധപ്പെട്ട ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക്
4. സൂപ്രണ്ട് ഐ.റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ഡയറക്ടറുടെ സി.എ
6. ഇ 7 സീറ്റ്.
7. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
(signature)
സൂപ്രണ്ട്